# ഗ്രാമത്തിൽ ഒരു സായാഹ്നം

ശ്രീകുമാർ.എം.ആർ
(ഇലക്ട്രിക്കൽ)

നീ പാത.

ഗ്രാമത്തെ പട്ടണവുമായി ബന്ധിപ്പിക്കുന്ന നീ പാത. പാതയുടെ അവസാനം പുഴ, പുഴക്കരയിലെ, തെങ്ങിൻതോപ്പിൽ തലയുർത്തി നിൽക്കുന്ന വീട്.

വസന്തകാലം.

പ്രകൃതി അണിഞ്ഞൊരുങ്ങിയിരുന്നു പുഴയിൽ വളകിലുക്കം. ഇടതുടർന്നു വളർന്നിരുന്ന കറ്റിക്കാടുകൾ താലങ്ങളേന്തി നിന്നു. പൂത്താലം.

റാണിക്ക് ഗ്രാമം ഒരുത്ഭുതമായിരുന്നു. ഒറ്റയടി പാതിയിലൂടെ ഞങ്ങൾ നടന്നു. മുന്നിൽ റാണി. ഞാൻ പിന്നിലും. നടപ്പാത അവസാനിച്ചത് കാവിലായിരുന്നു.

നാഗത്താന്മാരുടെ കൊട്ടാരം. രു നാഗങ്ങൾ പരസ്പരം അടുത്തു. രും മേലോട്ടുയർന്നു. കെട്ടിമറിഞ്ഞു താഴേക്ക്. റാണി ചിരിച്ചു. ഞാനും.

ചുറ്റിലും കുറ്റിക്കാടുകളായിരുന്നു. കുറ്റിക്കാട്ടിൽ തലയുർത്തി നിൽക്കുന്ന പാലമരം. പാലമരത്തിൽ പ് യക്ഷി താമസിച്ചിരുന്നു.

പാല മരത്തിനടുത്ത് ഒരരുവി പുഴയോട് ചേർന്നിരുന്നു. മനയ്ക്കലെ താത്രിക്കുട്ടി അവിടെയെങ്ങാനുമുോ. ഞങ്ങളുടെ നാട്ടിലെ ഏക പ്രേമഭംഗം താത്രിക്കുട്ടിയുടേതായിരുന്നു. നിർമ്മലയായ താത്രിക്കുട്ടി രവിയെ സ്നേഹിച്ചിരുന്നു. പ്രസിദ്ധ നായർ തറവാട്ടിലെ ധിക്കാരിയായ രവി, പട്ടണത്തിലെ കോളേജിൽ നിന്നും ശാസ്ത്രബിരുദം നേടിയ രവി.

ജോലി ലഭിച്ച് പട്ടണത്തിൽ താമസമാക്കിയ രവി ഗ്രാമത്തിലേക്ക് വന്നത് വനജയേയും കൊായിരുന്നു. സ്വന്തം ഓഫീസിലെ സ്റ്റെനോ, താത്രിക്കുട്ടിക്ക് അധികം ചിന്തിക്കാൻ കഴിവില്ലായിരുന്നു ലൗ സംഗമത്തിലേക്ക് താത്രിക്കുട്ടിയും ലയിച്ചു. അതിനുശേഷം രാത്രി പാതയിലൂടെ നടക്കാൻ ആർക്കും ധൈര്യമില്ലായിരുന്നു.

ഞങ്ങൾ നടന്നുകൊയേിരുന്നു.

ഗോപാലപിള്ള സാറിന്റെ സ്ക്കൂൾ. ഗ്രാമത്തിലെ ഏക വിദ്യാലയം. കുട്ടികൾ വരുമ്പോൾ തുടങ്ങുന്ന അദ്ധ്യാപനം സാറിന് ക്ഷീണിക്കുമ്പോൾ അവസാനിച്ചിരുന്നു. സർക്കാർ തരുന്ന ശമ്പളം മുഴുവൻ ചെലവാക്കി സ്ക്കൂളിൽ തന്നെയായിരുന്നു മാഷ് താമസിക്കുന്നത്. തെക്കു നിന്നു വന്ന അദ്ദേഹത്തിന് എല്ലാം വിദ്യാലയമായിരുന്നു. മാഷിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്കു ആരം ചോദിച്ചിരുന്നില്ല.

ഗ്രാമത്തിലെ ക്ഷേത്രം ഭദ്രകാളിയുടേതായിരുന്നു. ക്ഷേത്രത്തിൽ തൊഴാൻ കുറച്ചാളുകൾ എത്തിയിരുന്നു. “വരൂ, നമുക്ക് ദേവിയേ തൊഴുതിട്ടു വരാം.”

“റാണി പോയി തൊഴുതിട്ടു വരൂ. ഞാനിവിടെ നിൽക്കാം.” റാണി തൊഴുതിട്ടു വന്നു.

വീട്ടിലേക്ക് നടക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു. “എന്താ, എന്റെ ഗ്രാമം എങ്ങനെയു്.”

“എനിക്കിഷ്ടപ്പെട്ടു”

സൂര്യൻ അസ്തമിച്ചിരുന്നു. പടിഞ്ഞാറെ ആകാശത്തിൽ ചുവന്ന മേഘങ്ങൾ നിരുന്നു നിന്നിരുന്നു. മനോഹരമായ കാഴ്ച.

‘നിനക്കസൂയ തോന്നുഠോ. ഇവിടെ വളർന്നാണ് ഞാൻ ഐ.എ.എസ്. നേടിയത്. ഈ ഗ്രാമത്തിലെ ആദ്യത്തെ ഐ.എ.എസ്സുകാരൻ.’

വീട്ടിൽ തിരിച്ചെത്തിയപ്പോൾ പ്രകൃതി ഇരുിരുന്നു. സുന്ദരമായ രാത്രി. എല്ലാം ഉള്ളിലൊതുക്കുന്ന രാത്രി. പുളകങ്ങളുയർത്തുന്ന രാത്രി.

********